**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ. ബി. സതീഷ്** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിൽ ചികിത്സക്കെത്തുന്നവരുടെ ഹെൽത്ത് കാർഡ് പരിഗണിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ? | (എ) | ഉണ്ട്. ഹെൽത്ത് കാർഡ് ഉപയോഗിച്ചുള്ള ചികിത്സാനുകൂല്യങ്ങൾ രോഗിയ്ക്ക് ലഭ്യമാകുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തിരമാണ്. ടി പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ അല്ലാത്തതിനാൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീചിത്ര അധികാരികളെയും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറെയും ഉൾപ്പെടുത്തി ഈ വിഷയം പരിഹരിക്കുന്നതിന് കൂടിയാലോചന നടത്തിയിട്ടുണ്ട്. പരിഹാര നിർദ്ദേശമായി ഹെൽത്ത് ബെനഫിറ്റ് പാക്കേജ് 2.0 നിജപ്പെടുത്തി, നിരക്കിൽ വർധന വരുത്തണമെന്നാണ് ശ്രീചിത്ര ആശുപത്രി അധികാരികൾ മുന്നോട്ട് വച്ച നിർദ്ദേശം. ഇതിൻപ്രകാരമുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. എന്നാൽ ശ്രീചിത്രയിൽ എത്തുന്ന കാസ്പ് ഗുണഭോക്താവിന് ചികിത്സ മറ്റ് എംപാനൽഡ് ആശുപത്രികളിൽ നിന്നും ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ